194

ഭാരത സർക്കാർ

നിയമ മന്ത്രാലയം

# 1978-ലെ പ്രസ് കൗൺസിൽ ആക്റ്റ്

**(1978-ലെ 37-ാം ആക്റ്റ്)**

(1988 മാർച്ച് 1-ാം തീയതി നിലവിലിരുന്ന പ്രകാരം)

**The Press Council Act, 1978**

(Act No. 37 of 1978)

(As on 1st March, 1988)

വില :

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ്സ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്

1988

# ആമുഖം

1988 മാർച്ച് 1-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള 1978-ലെ പ്രസ് കൗൺസിൽ ആക്റ്റിന്റെ (1978-ലെ 37-ാം ആക്റ്റ്) മലയാളത്തിലെ ആധികാരിക പരിഭാഷ ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 1988 ആഗസ്റ്റ് 2-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ് 1-ാം വാല്യം 1-ാം നമ്പരായി 13 മുതൽ 25 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

മലയാളത്തിലെ ഈ ആധികാരിക പരിഭാഷ 1973-ലെ ആധികാരിക പാഠം (കേന്ദ്ര നിയമങ്ങൾ) ആക്റ്റ് 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് പ്രസിഡന്റ് അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പരിഭാഷയായിത്തീരുകയും ചെയ്തു.

ന്യൂഡൽഹി,
2-8-1988.

എസ്. രാമയ്യ,
ഭാരത സർക്കാരിന്റെ സെക്രട്ടറി.

# PREFACE

This edition of the Press Council Act, 1978 (Act 37 of 1978) as on 1st March, 1988 contains the authorised translation of that Act in Malayalam and the same was published in the Gazette of India Extraordinary Part XI Section I Vol. I No. I dated 2nd August 1988 on pages 13 to 25.

This authorised translation in Malayalam was published under the authority of the President under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973, and on such publication it became the authorised translation of the Act in Malayalam.

New Delhi,
2-8-1988.

S. Ramaiah,
*Secretary to the Government of India.*

3/3293/J.

# 1978-ലെ പ്രസ് കൗൺസിൽ ആക്റ്റ്

## വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ — പേജ്

### അദ്ധ്യായം I

പ്രാരംഭികം


1. ചുരുക്കപ്പേരും വ്യാപ്തിയും .. 1
2. നിർവ്വചനങ്ങൾ .. 1
3. ജമ്മു-കാശ്മീർ സംസ്ഥാനത്തിലോ സിക്കിം സംസ്ഥാനത്തിലോ വ്യാപ്തി ഇല്ലാത്ത അധിനിയമങ്ങളുടെ അർത്ഥ കൽപ്പനയ്ക്കുള്ള ചട്ടം ... 2


### അദ്ധ്യായം II

പ്രസ് കൗൺസിലിന്റെ സ്ഥാപനം


4. കൗൺസിലിന്റെ ഏകാംഗീകരണം .. 2
5. കൗൺസിലിന്റെ ഘടന .. 2
6. അംഗങ്ങളുടെ ഉദ്യോഗ കാലാവധിയും ഉദ്യോഗത്തിൽനിന്നുള്ള വിരമിക്കലും — 4
7. അംഗങ്ങളുടെ സേവന വ്യവസ്ഥകൾ — 5
8. കൗൺസിലിന്റെ കമ്മിററികൾ — 5
9. കൗൺസിലിന്റേയും കമ്മിററികളുടേയും യോഗങ്ങൾ ... 6
10. അംഗങ്ങൾക്കിടയിലുള്ള ഒഴിവുകളോ രൂപീകരണത്തിലുള്ള ന്യൂനതയോ കൗൺസിലിന്റെ കൃത്യങ്ങളും നടപടികളും അസാധുവാക്കുന്നതല്ലെന്ന് .. 6
11. കൗൺസിലിന്റെ സ്റ്റാഫ് .. 6
12. കൗൺസിലിന്റെ ഉത്തരവുകളുടേയും മററു രേഖകളുടേയും പ്രമാണീകരണം — 6


### അദ്ധ്യായം III

കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും


13. കൗൺസിലിന്റെ ലക്ഷ്യങ്ങളും ചുമതലകളും .. 6
14. സെൻഷർചെയ്യാനുള്ള അധികാരം ... 8
15. കൗൺസിലിന്റെ സാമാന്യ അധികാരങ്ങൾ .. 9
16. ഫീസ് ഈടാക്കൽ ... 9
17. കൗൺസിലിന് പണം കൊടുക്കൽ ... 10
18. കൗൺസിലിന്റെ നിധി .. 10
19. ബഡ്ജററ് . 10
20. വാർഷിക റിപ്പോർട്ട് .. 10
21. ഇടക്കാല റിപ്പോർട്ടുകൾ .. 10
22. അക്കൗണ്ടുകളും ആഡിററും .. 10


### അദ്ധ്യായം IV

പലവക


23. ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം ... 11
24. അംഗങ്ങളും മററും പബ്ലിക് സർവ്വെന്റുകളായിരിക്കുമെന്ന് ... 11
25. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം .. 11
26. റഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം .. 12
27. 1867-ലെ 25-ാം ആക്റ്റിന്റെ ഭേദഗതി ... 13

# 1978-ലെ പ്രസ് കൗൺസിൽ ആക്റ്റ്

(1978–ലെ 37–ാം ആക്റ്റ്)

(1988 മാർച്ച് 1-ാം തീയതിവരെ ഭേദഗതിചെയ്തപ്രകാരം)

(1978 സെപ്റ്റംബർ 7)

ഭാരതത്തിൽ പത്രസ്വാതന്ത്ര്യം നിലനിർത്തുകയും വർത്തമാനപ്പത്രങ്ങളുടേയും വാർത്താ ഏജൻസികളുടേയും നിലവാരം പുലർത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്ന ആവശ്യത്തിലേക്ക് ഒരു പ്രസ് കൗൺസിൽ സ്ഥാപിക്കുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ളിക്കിന്റെ ഇരുപത്തൊൻപതാം സംവത്സരത്തിൽ പാർലമെന്റ്, താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

ചുരുക്കപ്പേരും വ്യാപ്തിയും

1. (1) ഈ ആക്റ്റിന്, പ്രസ് കൗൺസിൽ ആക്റ്റ്, 1978 എന്ന് പേർ പറയാവുന്നതാണ്.

(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

നിർവ്വചനങ്ങൾ

2. ഈ ആക്റ്റിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) ''ചെയർമാൻ'' എന്നാൽ കൗൺസിലിന്റെ ചെയർമാൻ എന്ന് അർത്ഥമാകുന്നു;

(ഖ) ''കൗൺസിൽ'' എന്നാൽ 4–ാം വകുപ്പിൻകീഴിൽ സ്ഥാപിക്കപ്പെട്ട ''പ്രസ് കൗൺസിൽ ഓഫ് ഇൻഡ്യ'' എന്ന് അർത്ഥമാകുന്നു;

(ഗ) ''അംഗം'' എന്നാൽ കൗൺസിലിലെ ഒരംഗം എന്ന് അർത്ഥമാകുന്നതും, അതിൽ കൗൺസിലിന്റെ ചെയർമാൻ ഉൾപ്പെടുന്നതും ആകുന്നു;

(ഘ) ''നിർണ്ണയിക്കപ്പെടുന്ന'' എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്ന് അർത്ഥമാകുന്നു;

(ങ) ''പത്രാധിപർ'' എന്നും ''വർത്തമാനപ്പത്രം'' എന്നുമുള്ള പദങ്ങൾക്ക് 1867–ലെ പ്രസ്സും പുസ്തകങ്ങളുടെ രജിസ്ററർ ചെയ്യലും ആക്റ്റിൽ, (1867–ലെ 25) അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അർത്ഥങ്ങളും ''തൊഴിലാളി പത്രപ്രവർത്തകൻ'' എന്ന പദത്തിന് 1955–ലെ തൊഴിലാളി പത്രപ്രവർത്തകരും മററു വർത്തമാനപ്പത്ര ജീവനക്കാരും (സേവനവ്യവസ്ഥകൾ) പലവക വ്യവസ്ഥകളും ആക്റ്റിൽ, (1955–ലെ 45) അതിന് നൽകിയിട്ടുള്ള അർത്ഥവും ഉണ്ടായിരിക്കുന്നതാകുന്നു.

ജമ്മു—കാശ്മീർ സംസ്ഥാനത്തിലോ സിക്കിം സംസ്ഥാനത്തിലോ വ്യാപ്തി ഇല്ലാത്ത അധി നിയമങ്ങളുടെ അർത്ഥകല്പന യ്ക്കുള്ള ചട്ടം

3. ജമ്മു—കാശ്മീർ സംസ്ഥാനത്തിലോ സിക്കിം സംസ്ഥാനത്തിലോ പ്രാബല്യത്തിലില്ലാത്ത ഒരു നിയമത്തെ സംബന്ധിച്ച് ഈ ആക്ററിലുള്ള ഏതു പരാമർശവും ആ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ആ സംസ്ഥാനത്തിൽ തത്സ്ഥാനീയമായി ഏതെങ്കിലും നിയമം പ്രാബല്യത്തിലുണ്ടെങ്കിൽ അതിനെ ക്കുറിച്ചുള്ള ഒരുപരാമർശമായി കണക്കാക്കേണ്ടതാണ്.

## അദ്ധ്യായം II

## പ്രസ് കൗൺസിലിന്റെ സ്ഥാപനം

കൗൺസിലിന്റെ ഏകാംഗീകരണം

4. (1) കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി ''പ്രസ് കൗൺസിൽ ഓഫ് ഇൻഡ്യ'' എന്ന പേരിൽ ഒരു കൗൺസിൽ സ്ഥാപി ക്കേണ്ടതാകുന്നു.

(2) മുൻപറഞ്ഞ കൗൺസിൽ ശാശ്വത പിൻതുടർച്ചാവകാശവും പൊതു മുദ്രയും ഉള്ള ഒരു ഏകാംഗീകൃതനികായം ആയിരിക്കുന്നതും, കൗൺസിൽ വ്യവഹരിക്കുന്നതും വ്യവഹാരവിധേയമാകുന്നതും മേൽപ്പറഞ്ഞ പേരിൽ ആയിരിക്കേ ണ്ടതും ആകുന്നു.

കൗൺസിലിന്റെ ഘടന

5. (1) കൗൺസിലിൽ ചെയർമാനും ഇരുപത്തെട്ട് മററംഗങ്ങളും അടങ്ങി യിരിക്കേണ്ടതാണ്.

(2) രാജ്യസഭയുടെ ചെയർമാനും ലോകസഭയുടെ സ്പീക്കറും (6)—ാം ഉപവകുപ്പിൻകീഴിൽ കൗൺസിലിലെ അംഗങ്ങൾ തെരഞ്ഞെടുക്കുന്ന ഒരാളും അടങ്ങുന്ന ഒരു കമ്മിററി നാമനിർദ്ദേശം ചെയ്യുന്ന ആൾ ചെയർമാൻ ആയിരി ക്കുന്നതും, അപ്രകാരം ചെയ്യപ്പെടുന്ന നാമനിർദ്ദേശം കേന്ദ്രസർക്കാർ ഔദ്യോ ഗിക ഗസററിൽ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതും ആകുന്നു.

(3) മററംഗങ്ങളിൽ—

(ക) പതിമൂന്നു പേർ തൊഴിലാളി പത്രപ്രവർത്തകരിൽനിന്നും നിർണ്ണയി ക്കപ്പെടുന്ന നടപടിക്രമമനുസരിച്ച് നാമനിർദ്ദേശം ചെയ്യപ്പെടേ ണ്ടതും, അവരിൽ ആറുപേർ വർത്തമാനപ്പത്രങ്ങളുടെ പത്രാധിപൻ മാരും ശേഷിച്ച ഏഴുപേർ പത്രാധിപൻമാരല്ലാത്ത തൊഴിലാളി പത്ര പ്രവർത്തകരും ആയിരിക്കേണ്ടതും ആകുന്നു; എന്നാൽ ഭാരതീയ ഭാഷകളിൽ പ്രസിദ്ധപ്പെടുത്തുന്ന വർത്തമാനപ്പത്രങ്ങളുടെ പത്രാധി പൻമാരുടേയും പത്രാധിപൻമാരല്ലാത്ത തൊഴിലാളി പത്രപ്രവർത്തക രുടേയും എണ്ണം യഥാക്രമം കുറഞ്ഞത് മൂന്നും നാലും ആയിരി ക്കേണ്ടതും ആകുന്നു;

(ഖ) ആറു പേർ വർത്തമാനപ്പത്രങ്ങളുടെ ഉടമകളോ വർത്തമാനപ്പത്രങ്ങളുടെ മാനേജ്മെൻറ് ബിസിനസ് നടത്തുന്നവരോ ആയ ആളുകളിൽ നിന്നും, നിർണ്ണയിക്കപ്പെടുന്ന നടപടിക്രമം അനുസരിച്ച് നാമ നിർദ്ദേശം ചെയ്യപ്പെടേണ്ടതും; എന്നാൽ വൻകിട വർത്ത മാനപ്പത്രങ്ങൾ, ഇടത്തരം വർത്തമാനപ്പത്രങ്ങൾ, ചെറുകിട വർത്ത മാനപ്പത്രങ്ങൾ എന്നീ വിഭാഗങ്ങളിൽ ഓരോന്നിൽനിന്നും രണ്ടു പ്രതി നിധികൾ വീതം ഉണ്ടായിരിക്കേണ്ടതും ആകുന്നു;

(ഗ) ഒരാം വാർത്താ ഏജൻസികാം മാനേജ് ചെയ്യുന്ന ആളുകളിൽനിന്നും നിർണ്ണയിക്കപ്പെടുന്ന നടപടിക്രമം അനുസരിച്ച് നാമനിർദ്ദേശം ചെയ്യപ്പെടേണ്ടതാണ്;

(ഘ) മൂന്നു പേർ വിദ്യാഭ്യാസവും ശാസ്ത്രവും നിയമവും സാഹിത്യവും സംസ്കാരവും സംബന്ധിച്ച് പ്രത്യേകജ്ഞാനമോ പ്രായോഗിക പരിചയമോ ഉള്ള ആളുകാം ആയിരിക്കേണ്ടതും, അവരിൽ ഒരാളെ സർവ്വകലാശാലാ ഗ്രാൻറ്സ് കമ്മീഷനും ഒരാളെ ബാർ കൗൺസിൽ ഓഫ് ഇൻഡ്യയും ഒരാളെ സാഹിത്യ അക്കാഡമിയും യഥാക്രമം നാമനിർദ്ദേശം ചെയ്യേണ്ടതും ആകുന്നു;

(ങ) അഞ്ചുപേർ പാർലമെൻറ് അംഗങ്ങാം ആയിരിക്കേണ്ടതും, അവരിൽ മൂന്നുപേരെ ലോകസഭാ അംഗങ്ങളിൽനിന്നും സ്പീക്കർ നാമനിർദ്ദേശം ചെയ്യേണ്ടതും രണ്ടുപേരെ രാജ്യസഭയുടെ ചെയർമാൻ അതിൻെറ അംഗങ്ങളിൽനിന്നും നാമനിർദ്ദേശം ചെയ്യേണ്ടതും ആകുന്നു:

എന്നാൽ ഏതെങ്കിലും വർത്തമാനപ്പത്രത്തിൻെറ ഉടമയോ വർത്തമാനപ്പത്രം നടത്തുന്ന ആളോ ആയ യാതൊരു തൊഴിലാളിപത്രപ്രവർത്തകനും (ക) ഖണ്ഡത്തിൻ കീഴിൽ നാമനിർദ്ദേശം ചെയ്യപ്പെടാൻ അർഹനായിരിക്കുന്നതല്ല:

എന്നുമാത്രമല്ല ഒരേ നിയന്ത്രണത്തിൻ കീഴിലോ നടത്തിപ്പിൻ കീഴിലോ ഉള്ള ഏതെങ്കിലും വർത്തമാനപ്പത്രത്തിലോ വർത്തമാനപ്പത്രങ്ങളുടെ ഗ്രൂപ്പിലോ താത്പര്യമുള്ള ഒന്നിലധികം പേർ നാമനിർദ്ദേശം ചെയ്യപ്പെട്ട ആളുകളിൽ ഇല്ലാതിരിക്കത്തക്കവണ്ണം (ക) ഖണ്ഡത്തിൻെറയും (ഖ) ഖണ്ഡത്തിൻെറയും കീഴിലുള്ള നാമനിർദ്ദേശങ്ങാം നടത്തേണ്ടതും ആകുന്നു.

വിശദീകരണം.—(ഖ) ഖണ്ഡത്തിൻെറ ആവശ്യങ്ങാംക്ക്, ഒരു ''വർത്തമാനപ്പത്രം''—

(i) അതിൻെറ എല്ലാ പതിപ്പുകളുടേയും മൊത്തം പ്രചാരം ഓരോ ലക്കത്തിനും അൻപതിനായിരം പ്രതികളിൽ കവിയുന്ന പക്ഷം'' വൻകിട വർത്തമാനപ്പത്രം'' ആയും;

(ii) അതിൻെറ എല്ലാ പതിപ്പുകളുടേയും മൊത്തം പ്രചാരം ഓരോ ലക്കത്തിനും പതിനയ്യായിരം പ്രതികളിൽ കവിയുകയും എന്നാൽ അൻപതിനായിരത്തിൽ കവിയാതിരിക്കുകയും ചെയ്യുന്നപക്ഷം ''ഇടത്തരം വർത്തമാനപ്പത്രം'' ആയും;

(iii) അതിൻെറ എല്ലാ പതിപ്പുകളുടേയും മൊത്തം പ്രചാരം ഓരോ ലക്കത്തിനും പതിനയ്യായിരം പ്രതികളിൽ കവിയാത്തപക്ഷം ''ചെറുകിട വർത്തമാനപ്പത്രം'' ആയും,

കരുതപ്പെടുന്നതാകുന്നു.

(4) (3)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൻെറയോ (ഖ) ഖണ്ഡത്തിൻെറയോ (ഗ) ഖണ്ഡത്തിൻെറയോ കീഴിൽ ഏതെങ്കിലും നാമനിർദ്ദേശം ചെയ്യുന്നതിന് മുൻപ്, ആദ്യത്തെ കൗൺസിലിൻെറ സംഗതിയിൽ കേന്ദ്രസർക്കാരും പിന്നീടുള്ള

ഏതെങ്കിലും കൗൺസിലിന്റെ സംഗതിയിൽ മുൻപിലത്തെ കൗൺസിലിന്റെ വിരമിക്കുന്ന ചെയർമാനും, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ, ആദ്യത്തെ കൗൺസിലിന്റെ സംഗതിയിൽ കേന്ദ്രസർക്കാരും പിന്നീടുള്ള കൗൺസിലുകളുടെ സംഗതിയിൽ കൗൺസിൽ തന്നെയും ഇതിലേയ്ക്ക് വിജ്ഞാപനംവഴി നിശ്ചയിക്കുന്ന, മുൻപറഞ്ഞ (ക) ഖണ്ഡത്തിലോ (ഖ) ഖണ്ഡത്തിലോ (ഗ) ഖണ്ഡത്തിലോ പരാമർശിക്കപ്പെടുന്ന വിഭാഗങ്ങളിലുള്ള ആളുകളുടെ സംഘടനകളിൽനിന്നും നാമനിർദ്ദേശം ചെയ്യപ്പെടേണ്ട അംഗങ്ങളുടെ എണ്ണത്തിന്റെ ഇരട്ടി പേരുകൾ ഉൾക്കൊള്ളുന്ന പാനലുകൾ ആവശ്യപ്പെടേണ്ടതാണ്:

എന്നാൽ മുൻപറഞ്ഞ (ഗ) ഖണ്ഡത്തിൽ പരാമർശിക്കപ്പെടുന്ന വിഭാഗത്തിലുള്ള ആളുകളുടെ സംഘടന ഇല്ലാതിരിക്കുന്നിടത്ത്, മുൻപറഞ്ഞപ്രകാരം വിജ്ഞാപനം വഴി നിശ്ചയിക്കുന്ന വാർത്താ ഏജൻസികളിൽനിന്നും പേരുകളുടെ പാനലുകൾ ആവശ്യപ്പെടേണ്ടതാണ്.

(5) കേന്ദ്രസർക്കാർ, (3)–ാം ഉപവകുപ്പിന് കീഴിൽ അംഗങ്ങളായി നാമനിർദ്ദേശം ചെയ്യപ്പെട്ട ആളുകളുടെ പേരുകൾ ഔദ്യോഗിക ഗസററിൽ വിജ്ഞാപനം ചെയ്യേണ്ടതും, അങ്ങനെയുള്ള ഏതൊരു നാമനിർദ്ദേശവും വിജ്ഞാപനം ചെയ്ത തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതും ആകുന്നു.

(6) (5)–ാം ഉപവകുപ്പിൻകീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ട കൗൺസിലിലെ അംഗങ്ങൾ അവരിൽ നിന്നുതന്നെ നിർണ്ണയിക്കപ്പെടുന്ന നടപടിക്രമമനുസരിച്ച് (2)–ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട കമ്മിററിയിലെ ഒരംഗമായി ഒരാളെ തിരഞ്ഞെടുക്കേണ്ടതും, അങ്ങനെയുള്ള തിരഞ്ഞെടുപ്പിന്റെ ആവശ്യത്തിനുള്ള കൗൺസിൽ അംഗങ്ങളുടെ യോഗത്തിൽ, അവരിൽനിന്നുതന്നെ, തിരഞ്ഞെടുത്ത ഒരാൾ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതും ആകുന്നു.

**അംഗങ്ങളുടെ ഉദ്യോഗകാലാവധിയും ഉദ്യോഗത്തിൽനിന്നുള്ള വിരമിക്കലും.**

6. (1) ഈ വകുപ്പിൽ മററുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒഴികെ, ചെയർമാനും മററംഗങ്ങളും മൂന്നുവർഷക്കാലത്തേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്:

എന്നാൽ 5–ാം വകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി കൗൺസിൽ പുന:സംഘടിപ്പിക്കുന്നതുവരെയോ ആറുമാസക്കാലയളവിലേക്കോ, ഏതാണോ നേരത്തെ വരുന്നത് അതുവരെ, ചെയർമാൻ അങ്ങനെയുള്ള ഉദ്യോഗം തുടർന്നു വഹിക്കേണ്ടതാണ്.

(2) 5–ാം വകുപ്പ് (3)–ാം ഉപവകുപ്പിലെ (ക) ഖണ്ഡത്തിന്റെയോ (ഖ) ഖണ്ഡത്തിന്റെയോ (ഗ) ഖണ്ഡത്തിന്റെയോ കീഴിൽ ഒരംഗമായി നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരാൾ 14–ാം വകുപ്പ് (1)–ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു കീഴിൽ സെൻഷർ ചെയ്യപ്പെടുന്നിടത്ത്, അയാൾ കൗൺസിലിലെ ഒരംഗം അല്ലാതായിത്തീരുന്നതാണ്.

(3) 5–ാം വകുപ്പ് (3)–ാം ഉപവകുപ്പിലെ (ങ) ഖണ്ഡത്തിൻകീഴിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു അംഗത്തിന്റെ ഉദ്യോഗകാലാവധി, ഏതു സഭയിൽ നിന്നാണോ അയാൾ നാമനിർദ്ദേശം ചെയ്യപ്പെട്ടത് ആ സഭയിൽ അയാൾ അംഗം അല്ലാതായിത്തീരുന്ന ഉടൻ അവസാനിക്കുന്നതാണ്.

(4) കൗൺസിലിന്റെ അഭിപ്രായത്തിൽ മതിയായ കാരണം കൂടാതെ ഒരംഗം കൗൺസിലിന്റെ തുടരെയുള്ള മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുന്ന പക്ഷം അയാൾ തന്റെ സ്ഥാനം ഒഴിഞ്ഞതായി കരുതപ്പെടേണ്ടതാണ്.

(5) ചെയർമാന്, കേന്ദ്രസർക്കാരിന് ലിഖിതമായ നോട്ടീസ് നൽകി തന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതും, മറേറതെങ്കിലും അംഗത്തിന് ചെയർമാന് ലിഖിതമായ നോട്ടീസ് നൽകി തന്റെ ഉദ്യോഗം രാജി വയ്ക്കാവുന്നതും, അങ്ങനെയുള്ള രാജി, അതതു സംഗതിപോലെ, കേന്ദ്രസർക്കാരോ ചെയർമാനോ സ്വീകരിക്കുന്നതോടെ ചെയർമാനോ അംഗമോ തന്റെ ഉദ്യോഗം ഒഴിഞ്ഞതായി കരുതപ്പെടേണ്ടതും ആകുന്നു.

(6) (2)-ാം ഉപവകുപ്പിൻേറയോ (3)-ാം ഉപവകുപ്പിൻേറയോ (4)-ാം ഉപവകുപ്പിൻേറയോ (5)-ാം ഉപവകുപ്പിൻേറയോ കീഴിലോ മററുവിധത്തിലോ ഉണ്ടാകുന്ന ഏതെങ്കിലും ഒഴിവ് ആകുന്നത്ര വേഗത്തിൽ, ഉദ്യോഗം ഒഴിയുന്ന അംഗം ഏതു രീതിയിലാണോ നാമനിർദ്ദേശം ചെയ്യപ്പെട്ടിരുന്നത് അതേ രീതിയിലുള്ള നാമനിർദ്ദേശംവഴി നികത്തേണ്ടതും അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗം, ഏതംഗത്തിന്റെ സ്ഥാനത്തേക്കാണോ അയാൾ നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ളത്, ആ അംഗം ഉദ്യോഗം വഹിക്കുമായിരുന്ന ശേഷിച്ച കാലയളവിലേക്ക് ഉദ്യോഗം വഹിക്കേണ്ടതും ആകുന്നു.

(7) ഉദ്യോഗത്തിൽ നിന്ന് വിരമിക്കുന്ന ഒരംഗത്തിന് ഒന്നിലധികമല്ലാത്ത കാലാവധിയിലേക്ക് വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

7. (1) ചെയർമാൻ ഒരു പൂർണ്ണസമയ ഉദ്യോഗസ്ഥനായിരിക്കേണ്ടതും കേന്ദ്രസർക്കാരിന് യുക്തമെന്നു തോന്നുന്ന ശമ്പളം അദ്ദേഹത്തിന് നൽകേണ്ടതും ആകുന്നു. മററുള്ള അംഗങ്ങൾക്ക് കൗൺസിലിന്റെ യോഗങ്ങളിൽ ഹാജരാകുന്നതിനായി നിർണ്ണയിക്കപ്പെടുന്ന ബത്തകളോ ഫീസോ ലഭിക്കേണ്ടതും ആകുന്നു. അംഗങ്ങളുടെ സേവന വ്യവസ്ഥകൾ

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, അംഗങ്ങളുടെ സേവന വ്യവസ്ഥകൾ നിർണ്ണയിക്കപ്പെടുന്ന പ്രകാരം ആയിരിക്കുന്നതാണ്.

(3) കൗൺസിലിലെ അംഗമെന്നനിലയിലുള്ള ഉദ്യോഗം, അതു വഹിക്കുന്ന ആളിനെ പാർലമെന്റിന്റെ ഇരു സഭകളിൽ ഏതിലെങ്കിലും ഒരംഗമായി തിരഞ്ഞെടുക്കപ്പെടുന്നതിനോ ഒരംഗമായി ഇരിക്കുന്നതിനോ അയോഗ്യനാക്കുന്നതല്ല എന്ന് ഇതിനാൽ പ്രഖ്യാപിച്ചിരിക്കുന്നു.

8. (1) കൗൺസിലിന്, ഈ ആക്ററിൻകീഴിലുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്ന ആവശ്യത്തിലേക്ക്, അതിന്റെ അംഗങ്ങളിൽനിന്നും സാമാന്യമോ പ്രത്യേകമോ ആയ ലക്ഷ്യങ്ങൾക്കായി ആവശ്യമെന്നു തോന്നുന്ന കമ്മിററികൾ രൂപീകരിക്കാവുന്നതും അപ്രകാരം രൂപീകരിക്കപ്പെടുന്ന ഓരോ കമ്മിററിയും കൗൺസിൽ അതിനെ ഏൽപ്പിക്കുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതും ആകുന്നു. കൗൺസിലിന്റെ കമ്മിററികൾ

(2) കൗൺസിലിന്, (1)-ാം ഉപവകുപ്പിൻകീഴിൽ രൂപീകരിക്കപ്പെടുന്ന ഏതെങ്കിലും കമ്മിററിയിലെ അംഗങ്ങളായി അതിന് യുക്തമെന്ന് തോന്നുന്നത്ര, കൗൺസിലിലെ അംഗങ്ങളല്ലാത്ത മററാളുകളെ കോ-ഓപ്ററ് ചെയ്യുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) അങ്ങനെയുള്ള ഏതെങ്കിലും അംഗത്തിന്, ഏതു കമ്മിററിയിലേക്കാണോ അയാളെ കോ-ഓപ്ററ് ചെയ്തത് ആ കമ്മിററിയുടെ ഏതു യോഗത്തിലും ഹാജരാകുകയും അവിടുത്തെ ചർച്ചകളിൽ പങ്കെടുക്കുകയും ചെയ്യാനുള്ള അവകാശം ഉണ്ടായിരിക്കുന്നതും, എന്നാൽ വോട്ട് ചെയ്യാനുള്ള അവകാശം ഇല്ലാതിരിക്കുന്നതും, അയാൾ മറേറതെങ്കിലും ആവശ്യത്തിന് ഒരു അംഗം ആയിരിക്കുന്നത് അല്ലാത്തതും ആകുന്നു.

കൗൺസിലിൻേറയും കമ്മിററികളുടേയും യോഗങ്ങരം

9. കൗൺസിലും അതിൻെറ ഏതു കമ്മിററിയും, ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന റഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെടുന്ന സമയങ്ങളിലും സ്ഥലങ്ങളിലും യോഗം ചേരേണ്ടതും യോഗങ്ങളിലെ ബിസിനസ് നടത്തിപ്പ് സംബന്ധിച്ച് അങ്ങനെയുള്ള റഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെടുന്ന നടപടിച്ചട്ടങ്ങരം പാലിക്കേണ്ടതും ആകുന്നു.

അംഗങ്ങരക്കിടയിലുള്ള ഒഴിവുകളോ രൂപീകരണത്തിലുള്ള ന്യൂനതയോ കൗൺസിലിൻെറ കൃത്യങ്ങളും നടപടികളും അസാധുവാക്കുന്നതല്ലെന്ന്

10. കൗൺസിലിൽ ഏതെങ്കിലും ഒഴിവ് നിലവിലുണ്ടെന്നോ അല്ലെങ്കിൽ കൗൺസിലിൻെറ രൂപീകരണത്തിൽ ഏതെങ്കിലും ന്യൂനത ഉണ്ടെന്നോ ഉള്ള കാരണത്താൽ മാത്രം കൗൺസിലിൻെറ യാതൊരു കൃത്യമോ നടപടിയോ അസാധുവാണെന്ന് കരുതപ്പെടാവുന്നതല്ല.

കൗൺസിലിൻെറ സ്ററാഫ്

11. (1) കേന്ദ്രസർക്കാർ ഇതിലേക്ക് ഉണ്ടാക്കുന്ന ചട്ടങ്ങരക്കു വിധേയമായി, ഒരു സെക്രട്ടറിയേയും ഈ ആക്ററിൻ കീഴിലുള്ള അതിൻെറ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന്, ആവശ്യമെന്നു കൗൺസിലിന് തോന്നുന്ന മററു ജീവനക്കാരേയും അതിന് നിയമിക്കാവുന്നതാണ്.

(2) ജീവനക്കാരുടെ സേവനം സംബന്ധിച്ച നിബന്ധനകളും ഉപാധികളും റഗുലേഷനുകളാൽ നിശ്ചയിക്കപ്പെടുന്നവ ആയിരിക്കുന്നതാണ്.

കൗൺസിലിൻെറ ഉത്തരവുകളുടേയും മററു രേഖകളുടേയും പ്രമാണീകരണം

12. കൗൺസിലിൻെറ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും ചെയർമാനോ ഇതിലേക്ക് കൗൺസിൽ അധികാരപ്പെടുത്തിയ മറേറതെങ്കിലും അംഗമോ ഒപ്പുവച്ച് പ്രമാണീകരിക്കേണ്ടതും, കൗൺസിൽ നൽകുന്ന മററു രേഖകരം സെക്രട്ടറിയോ ഇതിലേക്ക് അതേ രീതിയിൽ അധികാരപ്പെടുത്തിയ മറേറതെങ്കിലും ഉദ്യോഗസ്ഥനോ ഒപ്പു വച്ച് പ്രമാണീകരിക്കേണ്ടതും ആകുന്നു.

## അദ്ധ്യായം III

## കൗൺസിലിൻെറ അധികാരങ്ങളും ചുമതലകളും

കൗൺസിലിൻെറ ലക്ഷ്യങ്ങളും ചുമതലകളും

13. (1) കൗൺസിലിൻെറ ലക്ഷ്യങ്ങരം പത്രസ്വാതന്ത്ര്യം നിലനിർത്തുക എന്നതും ഭാരതത്തിലെ വർത്തമാനപ്പത്രങ്ങളുടെയും വാർത്താ ഏജൻസികളുടേയും നിലവാരം പുലർത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതും ആയിരിക്കുന്നതാണ്.

(2) കൗൺസിൽ, അതിൻെറ ലക്ഷ്യപ്രാപ്തിക്കു സഹായകമായ, താഴെ പറയുന്ന ചുമതലകരം നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(ക) വർത്തമാനപ്പത്രങ്ങളുടേയും വാർത്താ ഏജൻസികളുടേയും സ്വാതന്ത്ര്യം നിലനിർത്താൻ അവയെ സഹായിക്കുക;

(ഖ) വർത്തമാനപ്പത്രങ്ങരക്കും വാർത്താ ഏജൻസികരക്കും പത്രലേഖകർക്കുംവേണ്ടി, വൃത്തി സംബന്ധമായി ഉയർന്ന മാനദണ്ഡങ്ങരം പാലിച്ചുകൊണ്ടുള്ള ഒരു പെരുമാററച്ചട്ടം തയ്യാറാക്കുക;

(ഗ) വർത്തമാനപ്പത്രങ്ങളും വാർത്താ ഏജൻസികളും പത്രലേഖകരും പൊതുജനാഭിരുചിയെ സംബന്ധിച്ചിടത്തോളം ഉന്നതനിലവാരം

പുലർത്തുന്നത് ഉറപ്പുവരുത്തുകയും പൗരത്വം സംബന്ധിച്ച അവകാശങ്ങളേയും അതോടൊപ്പം ഉത്തരവാദിത്വങ്ങളേയും പററി ശരിയായ ബോധം വളർത്തുകയും ചെയ്യുക;

(ഘ) പത്രപ്രവർത്തനവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവർക്കുമിടയിൽ ഉത്തരവാദിത്വബോധത്തിൻേറയും പൊതുജനസേവനബോധത്തിൻെറയും വളർച്ച പ്രോൽസാഹിപ്പിക്കുക;

(ങ) പൊതു താത്പര്യത്തെ ബാധിക്കുന്നവയും പൊതുപ്രാധാന്യമുള്ളവയുമായ വാർത്തകളുടെ വിതരണവും പ്രചരണവും പരിമിതിപ്പെടുത്താനിടയുള്ള ഏതു സംഭവവികാസവും നിരീക്ഷണ വിധേയമാക്കുക;

(ച) ഭാരതത്തിലുള്ള ഏതെങ്കിലും വർത്തമാനപ്പത്രത്തിനോ വാർത്താ ഏജൻസിക്കോ വിദേശത്ത് എവിടെയെങ്കിലും നിന്ന് സഹായം ലഭ്യമായകേസുകൾ, കേന്ദ്രസർക്കാർ അതിനു റഫർ ചെയ്യുന്നതോ അല്ലെങ്കിൽ ഏതെങ്കിലും വ്യക്തിയോ ആളുകളുടെ സമാജമോ മറേറതെങ്കിലും സംഘടനയോ അതിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതോ ആയവ ഉൾപ്പെടെ, നിരീക്ഷണ വിധേയമാക്കുക:

എന്നാൽ ഈ ഖണ്ഡത്തിലുള്ള യാതൊന്നും ഭാരതത്തിലുള്ള ഒരു വർത്തമാനപ്പത്രത്തിനോ വാർത്താ ഏജൻസിക്കോ, വിദേശത്തെവിടെയെങ്കിലും നിന്ന് സഹായം ലഭ്യമായ ഏതെങ്കിലും കേസ് അതിന് യുക്തമെന്നു തോന്നുന്ന മറേറതെങ്കിലും രീതിയിൽ കൈകാര്യം ചെയ്യുന്നതിൽനിന്ന് കേന്ദ്രസർക്കാരിനെ തടയുന്നതല്ല;

(ഛ) ഒരു വിദേശ രാഷ്ട്രത്തിൻെറ ഭാരതത്തിലുള്ള ഏതെങ്കിലും എംബസിയോ മററു പ്രതിനിധിയോ പ്രസിദ്ധീകരിക്കുന്നവ ഉൾപ്പെടെയുള്ള വിദേശ വർത്തമാനപ്പത്രങ്ങളേയും അവയുടെ പ്രചാരത്തേയും സ്വാധീനത്തേയും സംബന്ധിച്ച പഠനങ്ങൾ ഏറെറടുക്കുക.

വിശദീകരണം.—ഈ ഖണ്ഡത്തിൻെറ ആവശ്യങ്ങൾക്ക്, "വിദേശ രാഷ്ട്രം" എന്ന പ്രയോഗത്തിന്, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5, 87 (ക) വകുപ്പിൽ അതിന് നൽകിയിട്ടുള്ളഅർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ജ) വർത്തമാനപ്പത്രങ്ങളുടെ നിർമ്മിതിയിലോ പ്രസിദ്ധീകരണത്തിലോ ഏർപ്പെട്ടിരിക്കുന്നവരും വാർത്താ ഏജൻസികളിൽ പ്രവർത്തിക്കുന്നവരുമായ എല്ലാ വിഭാഗം ആളുകളുടെയും ഇടയിൽ പ്രവൃത്തിപരമായി ശരിയായ ഒരു ബന്ധം സ്ഥാപിക്കുക:

എന്നാൽ ഈ ഖണ്ഡത്തിലുള്ള യാതൊന്നും, 1947-ലെ വ്യാവസായിക തർക്കങ്ങൾ ആക്ററ് (1947-ലെ 14), ബാധകമാകുന്ന തർക്കങ്ങളെ സംബന്ധിച്ച് ഏതെങ്കിലും ചുമതലകൾ കൗൺസിലിന് നൽകുന്നതായി കരുതപ്പെടാവുന്നതല്ല;

(ഝ) പത്രസ്വാതന്ത്ര്യത്തെ ബാധിക്കാവുന്ന വർത്തമാനപ്പത്രങ്ങളുടേയും വാർത്താ ഏജൻസികളുടേയും ഉടമസ്ഥതയുടെ കേന്ദ്രീകരണമോ അതുപോലുള്ള മററു സംഗതികളോ സംബന്ധിച്ച സംഭവവികാസങ്ങളിൽ സ്വയം താത്പര്യമെടുക്കുക;

(ഞ) കേന്ദ്രസർക്കാർ കൗൺസിലിനെ ഭരമേൽപ്പിക്കുന്ന പഠനങ്ങൾ ഏറ്റെടുക്കുകയും അതിന് അഭിപ്രായത്തിന് അയച്ചുകൊടുക്കുന്ന ഏതു വിഷയം സംബന്ധിച്ചും അതിന്റെ അഭിപ്രായം പ്രകടിപ്പിക്കുകയും ചെയ്യുക;

(ട) മുൻപറഞ്ഞ ചുമതലകളുടെ നിർവ്വഹണത്തിന് ആനുഷംഗികമോ അതിന് ഉതകുന്നതോ ആയ മററു കൃത്യങ്ങൾ ചെയ്യുക.

**സെൻഷർ ചെയ്യാനുള്ള അധികാരം**

14. (1) അതിന് ലഭിച്ച ഒരു പരാതിയിൻമേലോ മററുവിധത്തിലോ, ഒരു വർത്തമാനപ്പത്രമോ വാർത്താ ഏജൻസിയോ പത്രപ്രവർത്തനപരമായ സദാചാരത്തിന്റെയോ പൊതുജനാഭിരുചിയുടേയോ പ്രമാണങ്ങൾ ലംഘിച്ചിരിക്കുന്നുവെന്നോ അല്ലെങ്കിൽ ഒരു പത്രാധിപരോ തൊഴിലാളി പത്രപ്രവർത്തകനോ വൃത്തിപരമായ ഏതെങ്കിലും അപമര്യാദ കാണിച്ചിരിക്കുന്നു എന്നോ വിശ്വസിക്കാൻ കാരണമുള്ളിടത്ത് കൗൺസിലിന്, ബന്ധപ്പെട്ട വർത്തമാനപ്പത്രത്തിനോ വാർത്താ ഏജൻസിക്കോ പത്രാധിപർക്കോ തൊഴിലാളി പത്രപ്രവർത്തകനോ പറയാനുള്ളത് പറയാൻ ഒരവസരം നൽകിയശേഷം, ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കപ്പെട്ട റഗുലേഷനുകൾ വ്യവസ്ഥചെയ്യുന്ന രീതിയിൽ ഒരു അന്വേഷണവിചാരണ നടത്താവുന്നതും, അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്ന് അതിനു ബോദ്ധ്യപ്പെടുന്നപക്ഷം, അതിന്, കാരണങ്ങൾ ലിഖിതമായി രേഖപ്പെടുത്തിക്കൊണ്ട്, വർത്തമാനപ്പത്രത്തേയോ വാർത്താ ഏജൻസിയേയോ പത്രാധിപരേയോ തൊഴിലാളി പത്രപ്രവർത്തകനേയോ താക്കീതു ചെയ്യുകയോ ശാസിക്കുകയോ സെൻഷർ ചെയ്യുകയോ അല്ലെങ്കിൽ, അതതു സംഗതിപോലെ, പത്രാധിപരുടേയോ തൊഴിലാളി പത്രപ്രവർത്തകന്റേയോ പെരുമാററത്തിൽ അതൃപ്തി പ്രകടിപ്പിക്കുകയോ ചെയ്യാവുന്നതും ആകുന്നു:

എന്നാൽ ഒരു അന്വേഷണവിചാരണ നടത്താൻ മതിയായ കാരണം ഇല്ലെന്ന് ചെയർമാന് അഭിപ്രായമുള്ളപക്ഷം കൗൺസിൽ ഒരു പരാതി നടപടിക്ക് എടുക്കാൻ പാടുള്ളതല്ല.

(2) പൊതു താൽപര്യത്തിന് അപ്രകാരം ചെയ്യേണ്ടത് ആവശ്യമോ സമീചീനമോ ആണെന്ന് കൗൺസിലിന് അഭിപ്രായമുള്ളപക്ഷം, ഒരു വർത്തമാനപ്പത്രത്തിനോ വാർത്താ ഏജൻസിക്കോ ഒരു പത്രാധിപർക്കോ അവിടെ പ്രവൃത്തിചെയ്യുന്ന ഒരു പത്രപ്രവർത്തകനോ എതിരായി ഈ വകുപ്പിൻകീഴിലുള്ള ഏത് അന്വേഷണ വിചാരണ സംബന്ധിച്ചും അങ്ങനെയുള്ള വർത്തമാനപ്പത്രത്തിന്റെയോ വാർത്താ ഏജൻസിയുടേയോ പത്രാധിപരുടേയോ പത്രപ്രവർത്തകന്റേയോ പേര് ഉൾപ്പെടെയുള്ള ഏതു വിവരവും കൗൺസിലിന് യുക്തമെന്നുതോന്നുന്ന രീതിയിൽ പ്രസിദ്ധപ്പെടുത്താൻ ഏതു വർത്തമാനപ്പത്രത്തോടും അതിന് ആവശ്യപ്പെടാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിലുള്ള യാതൊന്നും ഒരു നീതിന്യായക്കോടതിയിൽ ഏതെങ്കിലും നടപടി നിലവിലിരിക്കുന്ന ഏതെങ്കിലും കാര്യത്തെപ്പററി ഒരു അന്വേഷണ വിചാരണ നടത്താൻ കൗൺസിലിന് അധികാരം നൽകുന്നതായി കരുതപ്പെടാവുന്നതല്ല.

(4) അതതു സംഗതിപോലെ, (1)—ാം ഉപവകുപ്പിന്റേയോ (2)-ാം ഉപവകുപ്പിന്റേയോ കീഴിലുള്ള കൗൺസിലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതും, അത് ഏതെങ്കിലും നീതിന്യായക്കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതും ആകുന്നു.

15. (1) കൗൺസിലിന്, അതിന്റെ ചുമതലകൾ നിർവ്വഹിക്കുകയും ഈ ആക്ററിൻകീഴിലുള്ള ഏതെങ്കിലും അന്വേഷണവിചാരണ നടത്തുകയും ചെയ്യുന്ന ആവശ്യത്തിന് താഴെപ്പറയുന്ന വിഷയങ്ങൾ സംബന്ധിച്ച് 1908-ലെ സിവിൽ നടപടി നിയമസംഹിതയിൻ (1908—ലെ 5) കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽക്കോടതിയിൽ നിക്ഷിപ്തമായിരിക്കുന്ന അതേ അധികാരങ്ങൾ ഭാരതം ഒട്ടാകെ ഉണ്ടായിരിക്കുന്നതാണ്, അതായത്:— കൗൺസിലിന്റെ സാമാന്യ അധികാരങ്ങൾ

(ക) ആളുകളെ സമൺചെയ്യുകയും ഹാജരാക്കിക്കുകയും അവരെ ശപഥത്തിൻമേൽ വിസ്തരിക്കുകയും ചെയ്യൽ;

(ഖ) രേഖകൾ വെളിപ്പെടുത്തുകയും പരിശോധിക്കുകയും ചെയ്യാൻ ആവശ്യപ്പെടൽ;

(ഗ) സത്യവാങ്മൂലം വഴി തെളിവു സ്വീകരിക്കൽ;

(ഘ) ഏതെങ്കിലും കോടതിയിൽനിന്നോ ആഫീസിൽനിന്നോ ഏതെങ്കിലും പബ്ലിക് റിക്കാർഡോ അതിന്റെ പകർപ്പുകളോ ആവശ്യപ്പെടൽ;

(ങ) സാക്ഷികളെ വിസ്തരിക്കുകയോ രേഖകൾ പരിശോധിക്കുകയോ ചെയ്യുന്നതിനായി കമ്മീഷനുകൾ നിയമിക്കൽ;

(ച) നിർണ്ണയിക്കപ്പെടുന്ന മറേറതെങ്കിലും വിഷയം.

(2) (1)-ാം ഉപവകുപ്പിലുള്ള യാതൊന്നും, ഏതെങ്കിലും വർത്തമാനപ്പത്രത്തേയോ വാർത്താ ഏജൻസിയേയോ പത്രാധിപരേയോ, പത്രപ്രവർത്തകനേയോ, ആ വർത്തമാനപ്പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയതോ ആ വാർത്താ ഏജൻസിക്കോ പത്രാധിപർക്കോ പത്രപ്രവർത്തകനോ ലഭിച്ചതോ അവർ റിപ്പോർട്ട് ചെയ്തതോ ആയ ഏതെങ്കിലും വാർത്തയുടെയോ വിവരത്തിന്റെയോ ഉദ്ഭവസ്ഥാനം വെളിപ്പെടുത്താൻ നിർബന്ധിക്കുന്നതായി കരുതപ്പെടാവുന്നതല്ല.

(3) കൗൺസിലിനാൽ നടത്തപ്പെടുന്ന ഏത് അന്വേഷണവിചാരണയും, ഇൻഡ്യൻ ശിക്ഷാനിയമസംഹിതയുടെ (1860—ലെ 45) 193-ം, 228-ം വകുപ്പുകളുടെ അർത്ഥത്തിനുള്ളിൽ വരുന്ന ഒരു നീതിന്യായ നടപടിയായി കരുതപ്പെടുന്നതാണ്.

(4) കൗൺസിലിന്, അതിന്റെ ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിനോ ഈ ആക്ററിൻ കീഴിലുള്ള അതിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നതിനോ ആവശ്യമെന്ന് കരുതുന്നപക്ഷം, സർക്കാർ ഉൾപ്പെടെയുള്ള ഏത് അധികാരസ്ഥാനത്തിന്റെയും നടപടി സംബന്ധിച്ച് അതിന്റെ ഏതെങ്കിലും തീരുമാനത്തിലോ റിപ്പോർട്ടുകളിലോ അതിനുയുക്തമെന്നു തോന്നുന്ന അഭിപ്രായങ്ങൾ പ്രകടിപ്പിക്കാവുന്നതാണ്.

16. (1) കൗൺസിലിന്, ഈ ആക്ററിൻകീഴിലുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്ന ആവശ്യത്തിന്, രജിസ്ററർ ചെയ്ത വർത്തമാനപ്പത്രങ്ങളിൽനിന്നും വാർത്താ ഏജൻസികളിൽനിന്നും നിർണ്ണയിക്കപ്പെടുന്ന നിരക്കുകളിലും നിർണ്ണയിക്കപ്പെടുന്ന രീതിയിലും ഫീസ് ഈടാക്കാവുന്നതും, വ്യത്യസ്ത വർത്തമാനപ്പത്രങ്ങൾക്ക് അവയുടെ പ്രചാരവും മററു കാര്യങ്ങളും പരിഗണിച്ച് വ്യത്യസ്ത നിരക്കുകൾ നിർണ്ണയിക്കാവുന്നതും ആകുന്നു. ഫീസ് ഈടാക്കൽ

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ കൗൺസിലിന് കൊടുക്കേണ്ടതായ ഏത് ഫീസും ഭൂമികരത്തിന്റെ കുടിശ്ശിക എന്നപോലെ വസൂലാക്കാവുന്നതാണ്.

**കൗൺസിലിന് പണം കൊടുക്കൽ**

17. പാർലമെൻറ് നിയമപ്രകാരം ഇതിലേക്ക് യഥാവിധി ധനവിനിയോഗം നടത്തിയതിനുശേഷം, കേന്ദ്രസർക്കാരിന്, കൗൺസിലിൻെറ ഈ ആക്റ്റിൻ കീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമെന്ന് കേന്ദ്രസർക്കാർ കരുതുന്നത്ര പണത്തുകകൾ ഗ്രാൻറുകളായി കൗൺസിലിനു നൽകാവുന്നതാണ്.

**കൗൺസിലിൻെറ നിധി**

18. (1) കൗൺസിലിന് അതിൻെറതായ നിധി ഉണ്ടായിരിക്കുന്നതും, അത് പിരിക്കുന്ന ഫീസുകളും, അപ്പോഴപ്പോൾ കേന്ദ്രസർക്കാർ അതിനു നൽകുന്ന എല്ലാ തുകകളും മറേറതെങ്കിലും അധികാരസ്ഥാനമോ ആളോ അതിനു നൽകുന്ന എല്ലാ ഗ്രാൻറുകളും അഡ്വാൻസുകളും ആ നിധിയിൽ വരവു വയ്ക്കേണ്ടതും കൗൺസിലിൻെറ എല്ലാ ചെലവുകളും അതിൽനിന്നും നടത്തേണ്ടതും ആകുന്നു.

(2) നിധിവക എല്ലാ പണവും, ഏതു ബാങ്കുകളിൽ നിക്ഷേപിക്കണമെന്നും ഏതു രീതിയിൽ മുടക്കണമെന്നും കൗൺസിൽ തീരുമാനിക്കുന്നുവോ അപ്രകാരം, കേന്ദ്രസർക്കാരിൻെറ അംഗീകാരത്തിനു വിധേയമായി, നിക്ഷേപിക്കേണ്ടതും മുടക്കേണ്ടതും ആകുന്നു.

(3) കൗൺസിലിന്, ഈ ആക്റ്റിൻകീഴിലുള്ള അതിൻെറ ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി അതിനു യുക്തമെന്നു തോന്നുന്ന തുകകൾ ചെലവഴിക്കാവുന്നതും, അങ്ങനെയുള്ള തുകകൾ കൗൺസിലിൻെറ നിധിയിൽനിന്നും കൊടുക്കേണ്ട ചെലവായി പരിഗണിക്കപ്പെടുന്നതും ആകുന്നു.

**ബഡ്ജററ്**

19. ഓരോ വർഷവും നിർണ്ണയിക്കപ്പെടുന്ന രൂപത്തിലും സമയത്തും തൊട്ടടുത്തുവരുന്ന സാമ്പത്തിക വർഷത്തേക്കുള്ള മതിപ്പ് വരവും ചെലവും കാണിച്ചുകൊണ്ടുള്ള ഒരു ബഡ്ജററ് കൗൺസിൽ തയ്യാറാക്കേണ്ടതും അതിൻെറ പകർപ്പുകൾ കേന്ദ്ര സർക്കാരിന് അയച്ചുകൊടുക്കേണ്ടതും ആകുന്നു.

**വാർഷിക റിപ്പോർട്ട്**

20. ഓരോ വർഷവും ഒരിക്കൽ, നിർണ്ണയിക്കപ്പെടുന്ന രൂപത്തിലും സമയത്തും കൗൺസിലിൻെറ മുൻവർഷത്തെ പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത വിവരണം നൽകുന്നതും, വർത്തമാനപ്പത്രങ്ങളുടേയും വാർത്താ ഏജൻസികളുടേയും നിലവാരത്തിൻെറയും അതിനെ ബാധിക്കുന്ന ഘടകങ്ങളുടേയും ഒരു വിവരണം നൽകുന്നതും ആയ ഒരു വാർഷിക റിപ്പോർട്ട് കൗൺസിൽ തയ്യാറാക്കേണ്ടതും അതിൻെറ പകർപ്പുകൾ 22-ാം വകുപ്പിൻ കീഴിൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ ആഡിററ് ചെയ്ത കണക്കുകളുടെ ഒരു സ്റേററ്മെൻറ് സഹിതം കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ടതും ആ സർക്കാർ അവ പാർലമെൻറിൻെറ ഇരു സഭകളുടെയും മുമ്പാകെ വയ്ക്കാൻ ഇടയാക്കേണ്ടതും ആകുന്നു.

**ഇടക്കാല റിപ്പോർട്ടുകൾ**

21. 20-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗംവരാത്തവിധം കൗൺസിലിന്, ഒരു വർഷത്തിൽ ഏത് സമയത്തും പൊതു പ്രാധാന്യമുള്ളതെന്ന് അതു കരുതുന്ന അതിൻെറ ആ വർഷത്തെ പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത വിവരണം നൽകിക്കൊണ്ടുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കാവുന്നതും അതിൻെറ പകർപ്പുകൾ കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ടതും ആ സർക്കാർ അത് പാർലമെൻറിൻെറ ഇരു സഭകളുടെയും മുൻപാകെ വയ്ക്കാൻ ഇടയാക്കേണ്ടതും ആകുന്നു.

**അക്കൗണ്ടുകളും ആഡിററും**

22. ഭാരതത്തിൻെറ കൺട്രോളർ—ആഡിററർ ജനറലുമായി ആലോചിച്ച് നിർണ്ണയിക്കപ്പെടുന്ന രീതിയിൽ കൗൺസിലിൻെറ കണക്കുകൾ വച്ചു പോരുകയും ആഡിററ് ചെയ്യപ്പെടുകയും ചെയ്യേണ്ടതാണ്.

## അദ്ധ്യായം IV

### പലവക

*ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം.*

23. (1) ഈ ആക്ററിൻ കീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് കൗൺസിലിനോ അതിലെ ഏതെങ്കിലും അംഗത്തിനോ കൗൺസിലിന്റെ നിർദ്ദേശപ്രകാരം പ്രവർത്തിക്കുന്ന ഏതെങ്കിലും ആൾക്കോ എതിരായി യാതൊരു വ്യവഹാരവും മററു നിയമനടപടിയും നിലനിൽക്കുന്നതല്ലാത്തതാകുന്നു.

(2) ഏതെങ്കിലും വർത്തമാനപ്പത്രത്തിനെതിരായി, കൗൺസിൽ അധികാരപ്പെടുത്തിയതനുസരിച്ച് അതിൽ ഏതെങ്കിലും കാര്യം പ്രസിദ്ധപ്പെടുത്തിയതു സംബന്ധിച്ച് യാതൊരു വ്യവഹാരവും മററു നിയമനടപടിയും നിലനിൽക്കുന്നതല്ലാത്തതാകുന്നു.

*അംഗങ്ങളും മററും പബ്ലിക് സെർവൻറുകളായിരിക്കുമെന്ന്.*

24. കൗൺസിലിലെ ഏതൊരംഗവും കൗൺസിൽ നിയമിക്കുന്ന ഏതൊരു ഉദ്യോഗസ്ഥനും മററ് ജീവനക്കാരനും ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയുടെ (1860-ലെ 45) 21-ാം വകുപ്പിന്റെ അർത്ഥത്തിനുള്ളിൽ വരുന്ന ഒരു പബ്ലിക്ക് സെർവൻറായി കരുതപ്പെടുന്നതാണ്.

*ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.*

25. (1) ഈ ആക്ററിന്റെ ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ കൗൺസിൽ സ്ഥാപിക്കപ്പെട്ടതിനുശേഷം അങ്ങനെയുള്ള യാതൊരു ചട്ടവും കൗൺസിലുമായി ആലോചിക്കാതെ ഉണ്ടാക്കാൻ പാടില്ലാത്തതാകുന്നു.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാത്തവിധത്തിലും, അങ്ങനെയുള്ള ചട്ടങ്ങൾ, താഴെപ്പറയുന്ന എല്ലാ കാര്യങ്ങൾക്കും, അഥവാ അവയിൽ ഏതെങ്കിലും കാര്യത്തിന്, വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 5-ാം വകുപ്പ് (3)-ാം ഉപവകുപ്പിന്റെ (ക), (ഖ), (ഗ) എന്നീ ഖണ്ഡങ്ങൾക്ക് കീഴിൽ കൗൺസിലിലേയ്ക്ക് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യാനുള്ള നടപടിക്രമം;

(ഖ) 5-ാം വകുപ്പ് (4)-ാം ഉപവകുപ്പിൻ കീഴിൽ പേരുകളുടെ പാനലുകൾ ആവശ്യപ്പെടേണ്ട രീതി;

(ഗ) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെടുന്ന കമ്മിററിയിലേയ്ക്ക് ആ വകുപ്പിന്റെ (6)-ാം ഉപവകുപ്പിൻ കീഴിൽ ഒരു അംഗത്തെ തെരഞ്ഞെടുക്കാനുള്ള നടപടിക്രമം;

(ഘ) കൗൺസിലിന്റെ യോഗങ്ങളിൽ ഹാജരാകുന്നതിന് കൗൺസിലിലെ അംഗങ്ങൾക്ക് കൊടുക്കേണ്ട ബത്തകളും ഫീസും, 7-ാം വകുപ്പ് (1), (2) എന്നീ ഉപവകുപ്പുകൾക്ക് കീഴിൽ അംഗങ്ങളുടെ മററു സേവനവ്യവസ്ഥകളും;

(ങ) 11-ാം വകുപ്പിൻ കീഴിൽ കൗൺസിലിന്റെ സെക്രട്ടറിയുടെയും മററു ജീവനക്കാരുടെയും നിയമനം;

(ച) 15–ാം വകുപ്പ് (1)–ാം ഉപവകുപ്പിന്റെ (ച) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ;

(ഛ) കൗൺസിലിന് 16–ാം വകുപ്പിൻ കീഴിൽ ഏതു നിരക്കിൽ ഫീസ് ചുമത്താമെന്നും അങ്ങനെയുള്ള ഫീസ് ഏതു രീതിയിൽ വസൂലാക്കാമെന്നും;

(ജ) കൗൺസിൽ, 19, 20 എന്നീ വകുപ്പുകൾക്ക് കീഴിൽ യഥാക്രമം ബഡ്ജററും വാർഷിക റിപ്പോർട്ടും തയ്യാറാക്കേണ്ടത് ഏതു രൂപത്തിലും എത്ര സമയത്തിനുള്ളിലും ആയിരിക്കണമെന്ന്;

(ഝ) 22–ാം വകുപ്പിൻകീഴിൽ കൗൺസിലിന്റെ അക്കൗണ്ടുകൾ വച്ചുപോരുകയും ആഡിററ് ചെയ്യുകയും ചെയ്യേണ്ട രീതി.

(3) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, അവ ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിൽ കൂടുതൽ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതുദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മേൽപ്പറഞ്ഞ സമ്മേളനത്തിലോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുൻപ്, ഇരുസഭകളും ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നപക്ഷം, അതിനുശേഷം ആ ചട്ടത്തിന്, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവ ശൂന്യമാക്കലോ, ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്തവിധത്തിൽ ആയിരിക്കുന്നതും ആകുന്നു.

റഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം

26. (1) കൗൺസിലിന്, —

(ക) 9–ാം വകുപ്പിൻ കീഴിൽ കൗൺസിലിന്റെയോ അതിന്റെ ഏതെങ്കിലും കമ്മിററിയുടെയോ യോഗങ്ങൾ ക്രമീകരിക്കുന്നതിനും അവയിലെ ബിസിനസ് നടത്തിപ്പിനുള്ള നടപടിക്രമം വ്യവസ്ഥ ചെയ്യുന്നതിനും;

(ഖ) കൗൺസിൽ നിയമിക്കുന്ന ജീവനക്കാരുടെ സേവനം സംബന്ധിച്ച നിബന്ധനകളും ഉപാധികളും 11–ാം വകുപ്പ് (2)–ാം ഉപവകുപ്പിൻ കീഴിൽ വിനിർദ്ദിഷ്ടമാക്കുന്നതിനും;

(ഗ) ഈ ആക്ററിൻകീഴിൽ ഏതെങ്കിലും അന്വേഷണവിചാരണ നടത്തുന്ന രീതി ക്രമപ്പെടുത്തുന്നതിനും;

(ഘ) ഏർപ്പെടുത്തുന്നത് യുക്തമെന്ന് അത് കരുതുന്ന ഉപാധികൾക്ക് വിധേയമായി, 18–ാം വകുപ്പ് (3)–ാം ഉപവകുപ്പിൻകീഴിലുള്ള അതിന്റെ ഏതു അധികാരവും കൗൺസിലിന്റെ ചെയർമാനോ സെക്രട്ടറിക്കോ പ്രത്യായോജനം ചെയ്യുന്നതിനും;

(ങ) ഈ ആക്ററിൻകീഴിൽ റഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന മറ്റേതെങ്കിലും കാര്യത്തിനും,

വേണ്ടി ഈ ആക്ററിനും അതിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾക്കും അസംഗതമല്ലാത്ത റഗുലേഷനുകൾ ഔദ്യോഗിക ഗസ്ററിൽ വിജ്ഞാപനംവഴി ഉണ്ടാക്കാവുന്നതാണ്;

എന്നാൽ കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി മാത്രമേ (ഖ) ഖണ്ഡത്തിൻ കീഴിൽ റഗുലേഷനുകൾ ഉണ്ടാക്കാൻ പാടുള്ളൂ.

(2) ഈ ആക്റ്റിൻകീഴിൽ കേന്ദ്ര സർക്കാർ ഉണ്ടാക്കുന്ന ഏതൊരു റഗുലേഷനും, അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിൽ ഇരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസത്തേക്കു വയ്ക്കേണ്ടതും, മേൽപ്പറഞ്ഞസമ്മേളനത്തിലോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തു വരുന്ന സമ്മേളനം അവസാനിക്കുന്നതിനു മുൻപ്, ഇരു സഭകളും ആ റഗുലേഷനുകളിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ ഇരുസഭകളും ആ റഗുലേഷൻ ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നപക്ഷം, അതിനു ശേഷം ആ റഗുലേഷനു, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ, ആ റഗുലേഷൻ പ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കുന്നതും ആകുന്നു.

27. 1867-ലെ പ്രസ്സും പുസ്തകങ്ങളുടെ രജിസ്ററർ ചെയ്യലും ആക്ററിന്റെ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, ''കേന്ദ്രസർക്കാരിനാൽ നിയമിക്കപ്പെടേണ്ട ഒരു ചെയർമാനും മറെറാരു അംഗവും അടങ്ങുന്ന'' എന്ന വാക്കുകൾക്കു പകരം ''1978 -ലെ പ്രസ് കൗൺസിൽ ആക്ററിന്റെ 4-ാം വകുപ്പിൻകീഴിൽ സ്ഥാപിക്കപ്പെട്ട പ്രസ് കൗൺസിൽ ഓഫ് ഇൻഡ്യ അതിന്റെ അംഗങ്ങൾക്കിടയിൽനിന്നും നാമനിർദ്ദേശം ചെയ്യേണ്ട ഒരു ചെയർമാനും മറെറാരു അംഗവും അടങ്ങുന്ന'' എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

1867-ലെ 25-ാം ആക്ററിന്റെ ഭേദഗതി

---